എന്ന് തോന്നുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മരണകാര്യങ്ങൾ മരാമത്തുവകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. അത് ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരിക്കും. ഏതായാലും മരാമത്തു വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(9) കാട്ടാക്കട താലൂക്ക് രൂപീകരണം

ശ്രീ. കെ. പങ്കജാക്ഷൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു കേന്ദ്രമാണ് കാട്ടാക്കട. ആ പ്രദേശവും അതിന്റെ പരിസരത്തുള്ള പഞ്ചായത്തുകളും ചേർന്ന് ഒരു താലൂക്ക് രൂപീകരിക്കണമെന്നുള്ള നിർദ്ദേശം വളരെ മുൻപുമുതലേ ഉള്ളതാണ്. വെള്ളോടി കമ്മീഷൻ ഉൾപ്പെടെ പരിശോധിച്ചിട്ടുള്ള ഒരു നിർദ്ദേശമാണ്. അതിനുശേഷം വിതുര കേന്ദ്രമാക്കി താലൂക്ക് വേണമെന്നുള്ള നിർദ്ദേശവും ഉണ്ടായിട്ടുണ്ട്. താലൂക്ക് രൂപീകരണം സംബന്ധിച്ചും പുനർവിഭജനം സംബന്ധിച്ചും പരിശോധിച്ച വെള്ളോടി കമ്മീഷൻ ഇക്കാര്യത്തിൽ കാട്ടാക്കടയുടെ പ്രാധാന്യം വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതായിരുന്നു. അവിടെയുള്ള എല്ലാ രാഷ്ട്രീയ കക്ഷികളും ഭിന്നാഭിപ്രായമില്ലാതെ ഇക്കാര്യത്തിൽ മുന്നോട്ടു വന്നിട്ടുള്ളതാണ്. മേൽനടപടികളുണ്ടാകാത്ത സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ഇപ്പോൾ അവിടെ നിരാഹാര സത്യാഗ്രഹം നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ അടിയന്തിരമായ പരിഗണന ഉണ്ടാകേണ്ടതാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ നല്ല സമീപനം സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, താലൂക്കുകൾ പുനർവിഭജിക്കുന്ന കാര്യവും പുതിയ താലൂക്കുകൾ ഉണ്ടാക്കുന്ന കാര്യവും വളരെക്കാലമായി സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതാണ്. പ്രായോഗികമായ ബുദ്ധിമുട്ടുകൾകൊണ്ട് അതിൽ വലിയ പുരോഗതിയുണ്ടായിട്ടില്ല. മൊത്തത്തിൽ താലൂക്കുകൾ രൂപീകരിക്കാൻ ഗവൺമെന്റ് നയപരമായ തീരുമാനം എടുക്കുന്ന സമയത്ത് കാട്ടാക്കടയുടെ കാര്യവും പരിഗണിക്കുന്നതാണ്.

(10) ചീരുണ്ണി കാർത്തികേയന്റെ സംശയാസ്പദമായ മരണം

ശ്രീമതി കെ. ആർ. ഗൗരി: സർ, കോടംതുരുത്ത് പഞ്ചായത്തിൽ ഒന്നാം വാർഡിൽ പുനത്തറ വീട്ടിൽ ചീരുണ്ണി മകൻ കാർത്തികേയൻ 1-6-1986-ൽ കൊലപാതകമെന്ന് സംശയിക്കപ്പെട്ട വിധത്തിൽ അദ്ദേഹത്തിന്റെ തന്നെ പണിതീരാത്ത വീട്ടിൽ കാലുരണ്ടും താഴെകുത്തിക്കൊണ്ട് കെട്ടിത്തൂങ്ങി നിൽക്കുന്നതായി കാണപ്പെട്ടു. അതിനെ സംബന്ധിച്ച് നാട്ടുകാർ പ്രതിഷേധിക്കുകയും അതൊരു കൊലപാതകമാണെന്നുള്ള നിലയിൽ പോലീസിൽ പരാതി കൊടുക്കുകയും ചെയ്തു. സാക്ഷിപറയുന്നതിനുവേണ്ടി ആളുകൾ പേരുകൊടുത്തിട്ടും ഇന്നുവരെ പോലീസ് അതിനെപ്പറ്റി അന്വേഷിക്കുകയോ, കേസ് രജിസ്റ്റർ ചെയ്യുകയോ മറ്റ് കാര്യങ്ങൾ ചെയ്യുകയോ ചെയ്തിട്ടില്ല. അത് ഒരു ആത്മഹത്യയാണെന്ന് പറഞ്ഞ് കേസ് തള്ളിക്കളയുകയാണ് ചെയ്തത്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ഇതുവരെ പോലീസ് പുറത്തു കൊണ്ടുവന്നിട്ടില്ല. ചീരുണ്ണി കാർത്തികേയൻ തൂങ്ങി മരിക്കത്തക്ക യാതൊരു സാഹചര്യവുമില്ലായിരുന്നു. അദ്ദേഹം ഒരു എക്സ് സർവ്വീസ്മാനാണ്, നേവൽ ബേസിൽ ദ്രോണാചാര്യയിൽ ജോലിയിലി

LIBRARY ARCHIVES Kerala Legislative Assembly